## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4949 04.07.2012 ലെ മറുപടിയ്ക്ക്

### ഭാഗ്യക്കുറി നടത്തിപ്പിലെ മാറ്റങ്ങൾ

**ചോദ്യം**

ശ്രീ. കെ. അച്ച്യുതൻ
ശ്രീ. വി.ഡി. സതീശൻ
ശ്രീ. റ്റി. എൻ. പ്രതാപൻ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭാഗ്യക്കുറി നടത്തിപ്പിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്; | (എ) | ആഴ്ചയിൽ എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറികൾ പുന:രാരംഭിച്ചു. പുതുതായി ആരംഭിച്ചതിൽ ശനിയാഴ്ചതോറും നറുക്കെടുക്കുന്ന കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം ഉപയോഗിച്ച് നിർദ്ധനരായ രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിനായി കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി നടപ്പിലാക്കി. ഡിസ്കൗണ്ട് 1% മുതൽ 3% വരെ വർദ്ധിപ്പിച്ചു. |
| (ബി) | സമ്മാന ഘടനയിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ എന്തെല്ലാം? | (ബി) | എല്ലാ ദിവസവും പ്രതിവാര ഭാഗ്യക്കുറികൾ പുന:രാരംഭിച്ച സാഹചര്യത്തിൽ വിൻവിൻ ഭാഗ്യക്കുറിയുടെ 5 പരമ്പരകളിലായി 25 ലക്ഷം ടിക്കറ്റുകൾ അച്ചടിയ്ക്കത്തക്ക വിധത്തിൽ സമ്മാന ഘടന പരിഷ്കരിച്ചു. 20/- രൂപ മുഖവിലയുള്ള മറ്റ് പ്രതിവാര ഭാഗ്യക്കുറികൾ പരമാവധി 25 ലക്ഷം ടിക്കറ്റുകളും 40/- രൂപ , 50/- രൂപ വീതം മുഖവിലയുള്ള ഭാഗ്യക്കുറികൾ പരമാവധി 20 ലക്ഷം ടിക്കറ്റുകളും 5 പരമ്പരകളിലായി അച്ചടിയ്ക്കത്തക്ക വിധം സമ്മാന ഘടന |

| | | | |
|---|---|---|---|
| | | | അാവിഷ്കരിച്ചു. ഡിസ്കൗണ്ട് നിരക്ക് 2 സ്ലാബുകളിലായി 10000 ടിക്കറ്റുകൾ വരെ 25% , 10000 ടിക്കറ്റിന് മുകളിൽ 27% നിരക്കുകളിലായി നൽകി.<br><br>വിപണിയിൽ 20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളുടെ വിൽപ്പന വർദ്ധിച്ചപ്പോൾ 25 ലക്ഷത്തിൽ നിന്നും 30 ലക്ഷമായി അച്ചടി വർദ്ധിപ്പിച്ചു. 5000/- രൂപയുടെ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചും ഡിസ്കൗണ്ട് നിരക്കിൽ വർദ്ധനവ് വരുത്തിയും ജൂലൈ 2012 മുതൽ നറുക്കെടുക്കുന്ന ഭാഗ്യക്കുറികളിൽ സമ്മാന ഘടന പരിഷ്കരിച്ചു. 20/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളിൽ ഡിസ്കൗണ്ട് 26%, 28% എന്നീ നിരക്കിലും 40/-, 50/- രൂപ മുഖവിലയുള്ള ഭാഗ്യക്കുറികളിൽ 28%, 30% എന്നീ നിരക്കുകളിലും വർദ്ധിപ്പിച്ചു.<br><br>ബമ്പർ ഭാഗ്യക്കുറികളിൽ 2 സ്ലാബുകളിലായി 1000 ടിക്കറ്റുകൾ വരെ 25%, 1000 ടിക്കറ്റിന് മുകളിൽ 27% എന്ന നിരക്കിൽ നിന്നും യഥാക്രമം 26%, 28% എന്നീ നിരക്കുകളിൽ ഡിസ്കൗണ്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.